## ഏപ്രിൽ 2024

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

വലിയ നോമ്പിലെ അവസാന വാരത്തിലേക്ക് നാം പ്രവേശിച്ചു. ഹാശാ ആഴ്ചയിൽ നാം അനുസ്മരിക്കുന്നത് യേശുകർത്താവിന്റെ യരുശലേം പ്രവേശനവും പീഢാനുഭവവും ക്രൂശുമരണവും ഉയിർത്തെഴുന്നേല്പുമാണ്. ക്രിസ്തു താഴ്മയുടെയും വിനയത്തിന്റെയും മാതൃകയും, തിന്മയോടുള്ള ചെറുത്തുനില്പിന്റെ പ്രതീകവുമായി ഹോശാന പെരുനാളിൽ ദൈവാലയത്തിലേക്ക് പ്രവേശിച്ചു. കമ്പോളവത്ക്കരിക്കപ്പെട്ട മതത്തെയും, ദുർബലന്റെ ഇടങ്ങളെ കയ്യാളുന്ന ആത്മീകതയെയും, കാപട്യത്തിന്റെ മേലങ്കികളണിഞ്ഞ മതനേതൃത്വത്തെയും നിഷ്ക്കരുണം പുറത്താക്കുന്ന ക്രിസ്തുവിനെയാണ് ആലയ ശുദ്ധീകരണത്തിൽ നാം ദർശിക്കുന്നത്. ലോകത്തിന്റെ വീണ്ടെടുപ്പിന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ സ്വയം സമർപ്പിക്കുന്ന ക്രിസ്തു തന്നെത്തന്നെ വെറുമയാക്കി. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മതഘടനകളും സാമ്രാജ്യശക്തികളും ക്രിസ്തുവിനെ രാജ്യദ്രോഹിയായി മുദ്രകുത്തി. സ്വന്തം അനുയായികൾ പോലും ഒറ്റുകാരായി. സത്യവും നീതിയും സമാധാനവും മുറുകെ പിടിച്ച് നിലപാടുകളിൽ ഉറച്ച് നിന്ന യേശുവിന് ക്രൂശ് ഒരു അനിവാര്യതയുമായി. സഹനങ്ങളുടെയും ത്യാഗത്തിന്റെയും ഓർമ്മപ്പെടുത്തലായ ക്രൂശ്, ഒരിക്കലും ക്രിസ്തുവിന്റെ ജീവിതത്തിന്റെ അവസാന വാക്കല്ലായിരുന്നു. ദുഖവെള്ളിക്ക് ശേഷം ഒരു ഉയിർപ്പ് ഞായറുണ്ട്. മരണത്തെയും അതിന്റെ ശക്തിയെയും ക്രിസ്തു അതിജീവിച്ച ദിവസമാണ് ഈസ്റ്റർ. നന്മയെ കീഴ്പ്പെടുത്തുവാൻ, സത്യത്തെ തമസ്ക്കരിക്കുവാൻ, നീതിമാനെ ഇല്ലായ്മ ചെയ്യുവാൻ എല്ലാ കാലങ്ങളിലും പരിശ്രമങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ അത്തരം സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും പുതുജീവൻ സാധ്യമാക്കുന്നതിനും ഈസ്റ്റർ നമ്മെ സഹായിക്കുന്നു. ക്രൂശിതന്റെ മുറിപ്പാടുകളും ഉയിർപ്പിന്റെ ശക്തിയും ഉള്ളവരായി ഉത്ഥിതനോടൊപ്പം യാത്ര ചെയ്യുക എന്നതാണ് സഭയുടെ വിളിയും നിയോഗവും. സകലവിമോചന പോരാട്ടങ്ങൾക്കും ഉത്തേജനവും പ്രചോദനവും ആകാൻ ഉയിർത്തെഴുന്നേൽപ്പിന് ഇന്നും കഴിയുന്നുണ്ട്. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ വാർഷിക സ്മരണയല്ല ഈസ്റ്റർ, ഓരോ വിശ്വാസിക്കും അനുദിന ജീവിതാനുഭവമാകേണ്ട അതിജീവന ശക്തിയും ആന്തരിക പ്രേരണയുമാണ്. വർത്തമാനകാല ജീവിതങ്ങളിലെ അനുദിന സംഘർഷങ്ങളിൽ സത്യത്തിന്റെയും നീതിയുടെയും പിൻബലത്തോടെ നിലനിൽക്കുവാൻ ഉയിർപ്പു പെരുന്നാൾ നമുക്ക് പ്രചോദനം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിനായി നമ്മെത്തന്നെ സമർപ്പിക്കാം. ഏവർക്കും ഈസ്റ്റർ ആശംസകൾ.

മാർച്ച് 6 മുതൽ 22 വരെ ഓസ്ട്രേലിയായിലെയും ന്യൂസിലാന്റിലെയും വിശ്വാസ സമൂഹങ്ങളെ സന്ദർശിച്ചു. ഈ രാജ്യങ്ങളിലേക്ക് ഏകദേശം 15 വർഷങ്ങൾക്ക് ശേഷമുള്ള എന്റെ ഈ സന്ദർശനത്തിൽ അവിടെയുള്ള വിവിധ ഇടവകകളിലും കോൺഗ്രിഗേഷനുകളിലും ക്രമീകരിച്ച ആരാധനകളിലും പ്രത്യേക പരിപാടികളിലും പങ്കെടുക്കുന്നതിനും, സഭയ്ക്ക് സാധ്യമായ വളർച്ച നേരിട്ട് കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും കഴിഞ്ഞു. സിഡ്നി ബഥേൽ മാർത്തോമ്മാ ഇടവകയ്ക്കായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായും ശുശ്രൂഷയിൽ പങ്കെടുത്തു. 1991 ൽ രൂപീകൃതമായ സിഡ്നി മാർത്തോമാ ഇടവകയുടെ ദീർഘനാളുകളിലെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും സാക്ഷാത്ക്കാരമാണ് സിഡ്നി നഗരത്തിലെ ഹോസ്‌ലി പാർക്കിൽ വാങ്ങിയ ഏഴരയേക്കർ സ്ഥലത്തു നിർമ്മിച്ച പുതിയ ദൈവാലയം. ആധുനിക വാസ്തുശില്പ രീതികൾക്കൊപ്പം പാരമ്പരാഗത ശൈലിയും സംയോജിപ്പിച്ചാണ് ദൈവാലയം പൂർത്തിയാക്കിയത്. 376 കുടുംബങ്ങൾ ഇപ്പോൾ ഇടവകയിലുണ്ട്. വെല്ലിംഗ്ടൺ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെയും ഓക്‌ലൻ്റ് സെൻ്റ് തോമസ് മാർത്തോമ്മാ ഇടവകയുടെയും ഇടവകദിന പരിപാടികളും വിശുദ്ധ കുർബാന ശുശ്രൂഷയിലും പങ്കെടുത്ത് നേതൃത്വം നല്കി. അതോടൊപ്പം ഓസ്ട്രേലിയ, ന്യൂസിലാന്റ് എന്നിവിടങ്ങളിലെ ഒട്ടു മിക്ക ഇടവകകളും കോൺഗ്രിഗേഷനുകളും സന്ദർശിച്ചു. കുടിയേറ്റം സജീവമായ ഈ മേഖലകളിലെ വിശ്വാസികളെ നേരിൽ കണ്ട് അവരുമായി സംവദിക്കുന്നതിനും സഭയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ നല്കുന്നതിനും

സാധിച്ചു. ഓസ്ട്രേലിയ, ന്യൂസിലാന്റ് മേഖലയിൽ 7 വൈദീകർ ഇപ്പോൾ പൂർണ്ണ സമയം താമസിച്ച് പ്രവർത്തിക്കുന്നു. കുടിയേറ്റത്തിന്റെ സാധ്യതകളെയും സങ്കീർണ്ണതകളെയും മുന്നിൽക്കണ്ട് പ്രവാസികളായ സഭാംഗങ്ങൾക്കു വേണ്ടി ഇടയശുശ്രൂഷയും പരിപാലനവും സംഗതമായി നിർവ്വഹിക്കുവാൻ സഭയായി പദ്ധതികളൊരുക്കണം. ഓരോ ഇടങ്ങളിലും വന്ന് പാർക്കുന്ന മാർത്തോമ്മാ സഭാംഗങ്ങളെ കൂട്ടിവരുത്തി കോൺഗ്രിഗേഷനുകളും കാലാന്തരത്തിൽ ഇടവകകളും രൂപപ്പെടുത്തണം. നാം എത്തിച്ചേരുന്ന ഇടങ്ങളിൽ നമ്മൾ ക്രിസ്തുവിന്റെയും സഭയുടെയും സ്ഥാനാപതികൾ എന്ന് തിരിച്ചറിഞ്ഞ് സാക്ഷ്യം നിർവ്വഹിക്കുന്നതിന് സാധിക്കണം. ടീനേജേഴ്സിന്റെയും യുവജനങ്ങളുടെയും പലായനം കുറെക്കൂടി ഗൗരവമായികാണണം. നവസാങ്കേതിക ലോകവും, എല്ലാം അനുവദനീയമായ തുറന്ന സ്വാതന്ത്ര്യവുമുള്ള ഇടങ്ങളിൽ പക്വമായ ഇടപെടലും ലക്ഷ്യബോധമുള്ള ജീവിതവും നയിക്കുവാൻ അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നല്കുന്നതിന് നമ്മുടെ കൂട്ടായ്മകളിലൂടെ സാധിക്കണം. ന്യൂസിലാന്റിലെ ഇന്ത്യൻ ഹൈകമ്മീഷണർ ശ്രീമതി നിത്യാ ഭൂഷണുമായി ചർച്ച നടത്തുകയും ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനായി ഹൈക്കമ്മീഷൻ നടത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും ചെയ്തു.

ഒരു രാജ്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്ന അനേകം ചിത്രങ്ങളുണ്ട്. ആ രാജ്യത്തിന്റെ ഭരണഘടന, ഭൂപ്രകൃതി, പാരിസ്ഥിതികമായ പ്രത്യേതകകൾ, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള സ്നേഹവും ഐക്യവും, കോടതി സംവിധാനം, ഭരണകർത്താക്കൾ, ജനാധിപത്യം, തിരഞ്ഞെടുപ്പ് എന്നിങ്ങനെ പലതും നമ്മുടെ ഓർമയിലൂടെ കടന്നുപോകും. ഭാരതത്തിന്റെ 18-ാം ലോക്സഭയിലെ 543 അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനായി 2024 ഏപ്രിൽ 19 മുതൽ ജൂൺ 1 വരെ ഏഴ് ഘട്ടങ്ങളിലായി പൊതുതെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കയാണല്ലോ. ജനാധിപത്യ, മതേതര മൂല്യങ്ങൾ ഉറപ്പു വരുത്തുന്നതും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ കരുതുന്നതുമായ ഭരണ സംവിധാനമാണ് നമ്മുടെ രാഷ്ട്രത്തിന്റെ ഭരണഘടന ഉറപ്പു നൽകുന്നത്. വളരെ നിർണ്ണായകമായ ഈ തിരഞ്ഞെടുപ്പിൽ എല്ലാവിധ വിഭാഗീയ ചിന്തകളും മാറ്റിവെച്ചു പൊതുനന്മക്കായി ഏവരും പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. തെരഞ്ഞെടുപ്പ് പ്രക്രിയ സമാധാനപരവും നീതിപൂർവ്വവുമായി നടക്കുവാൻ എല്ലാവരും പ്രാർത്ഥിക്കണം. ഒപ്പം, ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കാത്ത ഒരു തെരഞ്ഞെടുപ്പ് പ്രക്രിയയും സർക്കാരും നിലവിൽ വരുവാൻ നാം പ്രവർത്തിക്കുകയും വേണം. ജനാധിപത്യത്തിലെ ഏറ്റം അവിഭാജ്യ ഘടകമാണ് വോട്ടുചെയ്യുവാനുള്ള അവകാശം. അത് ഒരുവന്റെ മൗലിക അവകാശവും രാഷ്ട്രത്തോടുള്ള ഉത്തരവാദിത്വവുമാണ്. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള എല്ലാവരും തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കണം. സമകാലിക രാഷ്ട്രീയ സ്ഥിതിതഗതികളെ വിശകലനം ചെയ്തും, വിഭാഗീയ ചിന്തകൾക്കോ സ്വാധീനങ്ങൾക്കോ സമ്മാനങ്ങൾക്കോ വശംവദരാകാതെയും, സ്വതന്ത്ര ചിന്തയും വിവേചന ശക്തിയും വിനിയോഗിച്ചും എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

സമൂഹമാകുന്ന ഗാത്രത്തിന്റെ ഹൃദയമാണ് മതവും സംസ്കാരവുമെങ്കിൽ ആ ശരീരത്തിന്റെ ശിരസായി വേണം രാഷ്ട്രീയത്തെ കാണേണ്ടത്. രാഷ്ട്രീയത്തിൽ നിന്നു ഗാന്ധിയൻ വീക്ഷണം വിസ്മൃതമാകുന്ന ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. സ്നേഹത്തിന്റെയും സേവനത്തിന്റേതുമാണ് രാഷ്ട്രീയമെന്നാണ് ഗാന്ധിജി പഠിപ്പിച്ചത്. ജീവനെ ആദരിക്കുന്നതും വൈവിധ്യത്തെ ഉൾക്കൊള്ളുന്നതുമാണ് യഥാർത്ഥ രാഷ്ട്രീയം. ജനങ്ങൾക്ക് ഒപ്പം നിൽക്കുന്നതാണ് രാഷ്ട്രീയത്തിന്റെ ആത്മീയത. കാരുണ്യം ദൈവികമെന്ന് ലോകത്തെ പഠിപ്പിച്ച സംസ്കാരമാണു നമ്മുടേത്. അടിസ്ഥാന മൂല്യങ്ങളിൽ നിന്ന് നമ്മുടെ ജനാധിപത്യ സംവിധാനങ്ങൾ വ്യതിചലിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വർഗ്ഗീയ ധ്രുവീകരണം നടത്തിയും എതിർപക്ഷത്തുള്ളവരെയും വിധേയത്വം കാണിക്കാത്തവരെയും സമ്മർദ്ധ തന്ത്രങ്ങളിലൂടെ നിശബ്ദരാക്കുകയോ, ഭീഷണിപ്പെടുത്തുകയോ, ചെയ്യുന്ന പ്രവണത ഒരിക്കലും ജനാധിപത്യ ഭാരതത്തിന് ഭൂഷണമല്ല. ജനങ്ങളുടെ കണ്ണുനീർ തുടയ്ക്കാൻ വേണ്ടി ദൈവം നിയോഗിച്ച് അയക്കുന്നവരാണ് ഭരണാധികാരികൾ. ദുർബലർ ആക്രമിക്കപ്പെടുമ്പോൾ അവിടെ ധർമം സ്ഥാപിക്കേണ്ടവരാണ് തങ്ങളെന്ന സത്യം അവർ ഒരിക്കലും മറന്നുപോകരുത്. ഏതുതരം അവകാശ ധ്വംസനവും ഹിംസയും ആരെയും ഒരുതരത്തിലും അസ്വസ്ഥതപ്പെടുത്താത്ത ഒരു സമൂഹമായി ജനങ്ങളും രൂപപ്പെട്ടു എന്നതും അപകടകരമായ സംഗതിയത്രെ. ആൾക്കൂട്ടങ്ങളെ ഉത്തരവാദിത്വമുള്ള സമൂഹമാക്കി മാറ്റാനുള്ള കടമയാണ് മഹത്തായരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചുമതല. വീരാരാധനയിൽ മുങ്ങുന്ന ബലഹീനരുടെ കൂട്ടമായി സമൂഹത്തെ ഒരിക്കലും മാറ്ററുത്.

പൗരത്വ ഭേദഗതി ചട്ടങ്ങൾ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. വിവാദപരമായ പൗരത്വ ഭേദഗതി നിയമത്തോട് വിവിധ രാഷ്ട്രീയ പാർട്ടികളും സംസ്ഥാനങ്ങളും വ്യത്യസ്തമായ രീതിയിലാണ് പ്രതികരിച്ചിട്ടുള്ളത്. നിയമം ജനങ്ങളെ വിഭജിക്കാനും വർഗ്ഗീയ വികാരം കുത്തിയിളക്കാനും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ കാറ്റിൽ പറത്താനുമായി ഉപയോഗിക്കുന്നത് അപകടകരമായിരിക്കും. തുല്യ അവകാശങ്ങളുള്ള ഇന്ത്യൻ പൗരന്മാരെ പല തട്ടുകളിലാക്കുന്നത് എതിർക്കപ്പെടേണ്ടതാണ്.

അതിദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ പ്രശംസനീയമാണെങ്കിലും മാറ്റങ്ങൾ ആവശ്യമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കടുത്ത ദാരിദ്ര്യത്തിലേക്ക് വീഴാൻ സാധ്യതയുള്ളവരെ

നേരത്തെ തിരിച്ചറിയുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂടി ശ്രദ്ധ വേണമെന്ന് കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമന്റൽ സ്റ്റഡീസ് (സി.എസ്.ഇ.എസ്.) നടത്തിയ പഠനം ചൂണ്ടിക്കാണിക്കുന്നു. നിലവിലെ പദ്ധതികളായ അഗതി രഹിത കേരളം അഥവാ ഡെസ്റ്റിറ്റ്യൂട്ട് ഫ്രീ കേരളയും (DFK) അതിദാരിദ്ര്യ നിർമാർജന പരിപാടിയും (EPEP) യും സംയോജിപ്പിക്കണമെന്നാണ് പഠനം നല്കുന്ന നിർദേശം. തിരഞ്ഞെടുത്ത മൂന്ന് ഗ്രാമ പഞ്ചായത്തുകളിലെ ഫീൽഡ് വർക്കിനെ അടിസ്ഥാനമാക്കിയായിരുന്നു പഠനം. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സമ്പത്ത് കുന്നുകൂടുമ്പോൾ അതി ദാരിദ്ര്യത്തിലുള്ള ചില ഇടങ്ങളെങ്കിലും ഉണ്ടെന്നത് നമ്മുടെ മനസാക്ഷിയെ പിടിച്ചു കുലുക്കേണ്ടതാണ്.

പൂക്കോട് വെറ്ററിനറി സർവ്വകലാശാല വിദ്യാർത്ഥി ജെ. എസ്. സിദ്ധാർത്ഥിന്റെ ക്രൂരമായ കൊലപാതകം തികച്ചും അപലപനീയമാണ്. കലാലയ അതിക്രമങ്ങൾ കിരാത സംസ്ക്കാരത്തിന്റെ അടയാളങ്ങളാണ്. അറിവും അക്ഷരവും തേടി കാലാലയങ്ങളിലെത്തുന്ന ജീവിതങ്ങൾ അപായപ്പെടുന്നു എന്ന വാർത്ത ഞെട്ടലുളവാക്കുന്നുണ്ട്. സഹപാഠികളായി സഹവർത്തിത്തത്തോടെ കഴിയേണ്ട വിദ്യാർത്ഥികൾ രാഷ്ട്രീയമായി ചേരിതിരഞ്ഞ് തമ്മിലടിച്ചും പോരാട്ടവീര്യങ്ങളുയർത്തി തെരുവിലിറങ്ങിയും കൂട്ടുകാരന്റെ ജീവനെടുക്കുന്നത് പഠന കാലയളവിനെ ഇല്ലായ്മ ചെയ്യുന്നു എന്ന് മാത്രമല്ല, തലമുറകളിൽ കിരാത സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയുമാണ്. കലാലയ അന്തരീക്ഷം പരിപാവനമായിരിക്കണം. സംസ്കാര സമ്പന്നമായ തലമുറയെ വാർത്തെടുക്കുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഇവിടെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരു പോലെ ഉത്തരവാദിത്വമുണ്ട്. സുഹൃത്തിനെ മർദ്ദിച്ചവശനാക്കുന്നത് നിസംഗതയോടെനോക്കി നില്ക്കാനുള്ള മനസാന്നിദ്ധ്യം വിദ്യാർത്ഥികളിൽ ഉണ്ടായി എന്നത് അവരിൽ കടന്നുകൂടിയ വൈകല്യത്തെ അടയാളപ്പെടുത്തുന്നു. ക്രൂരതയ്ക്ക് മുന്നിൽ നിശബ്ദമാകുന്നതല്ല സാംസ്ക്കാര സമ്പന്നമായ സമൂഹത്തിന്റെ അടയാളം, മറിച്ച് ജീവനെ നിലനിർത്താനുള്ള നിലവിളിക്ക് മുന്നിൽ സത്യത്തിനും നീതിക്കും ഒപ്പം നിൽക്കുക എന്നതാണ്.

വന്യ ജീവി ആക്രമണത്തിൽ നിരപരാധികളുടെ ചോര വീഴുന്നത് അനുദിനം വർദ്ധിച്ചിട്ടും കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തുടരുന്ന നിസംഗത ആശങ്കാജനകമാണ്. കൊല്ലപ്പെടുന്ന ഓരോ മനുഷ്യജീവനും ഏതാനും ലക്ഷങ്ങൾ വിലയിട്ട് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുന്ന സർക്കാർ നടപടി തിരുത്താൻ തയ്യാറാവണം. വന്യമൃഗങ്ങൾ ധാരാളമായി മനുഷ്യവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നത് തടയണം. വലിയ വരൾച്ചയും ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റവും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നതിന് കാരണമാകുന്നു. ആവാസ വ്യവസ്ഥ സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം. 2017 മുതൽ ഇതുവരെ വന്യജീവി ആക്രമണത്തിൽ ഏതാണ്ട് 650 ആളുകൾ സംസ്ഥാനത്ത് കൊല്ലപ്പെട്ട കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. അടൂരിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ നിന്ന് രക്ഷപെടാനുള്ള ശ്രമത്തിനിടെ കിണറ്റിൽ വീണ നമ്മുടെ സഭാംഗം കൂടിയായ ഒരു വീട്ടമ്മ പൊട്ടക്കിണറ്റിൽ കിടക്കേണ്ടി വന്നത് 22 മണിക്കൂറാണ്. അത്ഭുതകരമായാണ് അവർ രക്ഷപെട്ടത്. വന്യജീവി ആക്രമണത്തിൽ ജീവൻ മാത്രമല്ല, കോടിക്കണക്കിന് രൂപയുടെ ജീവനോപാധികളും വാസഗൃഹങ്ങളും നഷ്ടമാകുന്നതും നിസ്സാരമായി കാണരുത്. മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാതെ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ഈ ഭീകരാവസ്ഥക്ക് ശാശ്വത പരിഹാരം കാണാൻ അടിയന്തര നടപടി ഉണ്ടാകണം.

കേരളം വളരെ സങ്കീർണ്ണമായ കാലാവസ്ഥാ മാറ്റങ്ങൾക്ക് വിധേയമാകുകയാണ്. ക്രമാതീതമായി ഉയരുന്ന താപനിലയും, മഴദിനങ്ങളുടെ കുറവും, ഉയർന്ന ബാഷ്പീകരണവും നമ്മുടെ നാടിനെ കടുത്ത വരൾച്ചയിലേക്ക് നയിക്കുകയാണ്. തന്മൂലം ഡാമുകളുൾപ്പടെയുള്ള ജലസ്രോതസ്സുകളിലെ ജലനിരപ്പ് പാടെ കുറഞ്ഞു. കുടിവെള്ള ക്ഷാമം പലയിടങ്ങളിലും രൂക്ഷമായി. ജലക്ഷാമം മനുഷ്യന് മാത്രമല്ല, സസ്യലതാതികൾക്കും പക്ഷിമൃഗാദികൾക്കും അവയുടെ നിലനില്പിന് ഭീഷണി ഉയർത്തുന്നു. വൈദ്യുതിയുടെ ഉദ്പാദനവും ഉപയോഗവും ഇന്ന് വെല്ലുവിളി നേരിടുകയാണ്. തിരിച്ചുപോകാനാകാത്തവിധം രൂക്ഷമാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെ തിരിച്ചറിഞ്ഞ് അവയെ നേരിടുവാൻ തക്ക മുന്നൊരുക്കങ്ങളും പ്രതിരോധവും കാര്യക്ഷമമാക്കണം. കാലാവസ്ഥസൗഹൃദ ജീവിതശൈലി രൂപപ്പെടുത്തുക, കാർബൺ പാദമുദ്രകൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ മാർത്തോമ്മാ സഭ പരിസ്ഥിതി കമ്മീഷൻ ആവിഷ്ക്കരിച്ച കാർബൺ നോമ്പ് ആഗോള തലത്തിൽ ചർച്ചചെയ്യപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമാണ്. അതിന് നേതൃത്വം നല്കിയ എല്ലാവരെയും അഭിനന്ദിക്കുന്നു.

ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുന്നു. സ്കൂൾ തലങ്ങളിൽ വാർഷിക പരീക്ഷകൾ കഴിഞ്ഞു. വേനലവധിക്കാലം ക്രിയാത്മകമായി വിനിയോഗിക്കുവാൻ മാതാപിതാക്കളും വിദ്യാർത്ഥികളും പ്രത്യേകം ശ്രദ്ധിക്കണം. ഇടവകകളുടെ ആഭിമുഖ്യത്തിൽ വി. ബി. എസ്. ആരംഭിക്കുന്നു. അതിലേക്ക് കുഞ്ഞുങ്ങളെ അയയ്ക്കുവാൻ മാതാപിതാക്കൾ ഉത്സാഹിക്കണം. 112-ാമത് മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസ് ബാംഗ്ലൂരിലുള്ള റ്റി. ജോൺസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ബാംഗ്ലൂർ മാർത്തോമ്മാ സെന്ററിന്റെ ആഭിമുഖ്യത്തിൽ മേയ് 13 മുതൽ 16 വരെ നടത്തപ്പെടുന്നു. പരമാവധി വിദ്യാർത്ഥികൾ ഈ അവസരം പ്രയോജനപ്പെടുത്തി സ്റ്റുഡന്റ്സ് കോൺഫറൻസിൽ സംബന്ധിക്കണം. പട്ടക്കാരെ പരിശീലിപ്പിക്കുന്ന

ശുശ്രൂഷയിൽ കോട്ടയം വൈദിക സെമിനാരി 98 വർഷങ്ങളും ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠ് 24 വർഷങ്ങളും പിന്നിടുന്നു. നമ്മുടെ സെമിനാരികളുടെ ഈ വർഷത്തെ ബിരുദ ദാന ചടങ്ങുകൾ മാർച്ച് മാസത്തിൽ നടത്തപ്പെട്ടു. നമ്മുടെ എല്ലാ വൈദികപാഠശാലകളുടെയും പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും ആവശ്യങ്ങളിൽ കൈത്താങ്ങൽ നല്കുകയും ചെയ്യാം.

മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 16, 17 തീയതികളിൽ കൊമ്പാടി ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ വെച്ച് 'അക്കാദമിക് പുനസംഘാടനം - സാധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ അധികരിച്ച് വാർഷിക അക്കാദമിക് കോൺഫറൻസ് നടത്തുകയുണ്ടായി. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുടക്കമിട്ടിരിക്കുന്ന പരിഷ്ക്കാരങ്ങൾക്കനുസൃതമായി അദ്ധ്യാപകരെയും അക്കാദമിക്ക് സമൂഹത്തെയും രൂപപ്പെടുത്തുന്നതിന് ക്രമീകരിച്ചിരിരുന്ന കോൺഫറൻസിൽ നമ്മുടെ കോളേജുകളിൽ നിന്നും നല്ല പങ്കാളിത്തം ഉണ്ടായി എന്നത് ചാരിതാർത്ഥ്യജനകമാണ്. കാലാനുസൃതമായി നമ്മുടെ കോളേജുകൾ മെച്ചപ്പെടുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ ഉൾക്കാഴ്ചകൾ ലഭിക്കുന്നതിനും ഈ കോൺഫറൻസ് കാരണമായിത്തീരും എന്ന് പ്രതീക്ഷിക്കാം. കോൺഫറൻസിന്റെ ക്രമീകരണങ്ങൾക്കും നടത്തിപ്പിനും നേതൃത്വം നല്കിയ മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കൺവീനറെയുംമറ്റ് ചുമതലക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

എറണാകുളം ശാലേം മാർത്തോമ്മാ ഇടവകാംഗമായ അഡ്വ. സന്തോഷ് മാത്യുവിനെ കേരള ഹൈക്കോടതി സീനിയർ കൗൺസിൽ ആയി നിയമിച്ചു. ബാംഗ്ലൂർ ഇ. സി.സി. ഡയറക്ടറായ വെരി റവ. ഡോ. ഷാം പി. തോമസ് സെറാംപൂർ യൂണിവേഴ്സിറ്റി വൈസ് മാസ്റ്റർ ആയി നിയോഗിതനായി. കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകാംഗം ശ്രീ. അലക്സ് വർഗീസ് (ഐ. എ. എസ്.) ആലപ്പുഴജില്ലാകളക്ടറായി നിയമിക്കപ്പെട്ടു. ഈ പ്രിയപ്പെട്ടവരെ അഭിനന്ദിക്കുന്നു. നിയോഗ സ്ഥാനങ്ങളിൽ അനുഗൃഹീത ശുശ്രൂഷകൾ നിർവ്വഹിപ്പാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പുനരുത്ഥാന ശക്തിയിൽ വിശ്വാസ ജീവിതത്തെ മുമ്പോട്ടുനയിക്കാൻ പ്രചോദനം നൽകുന്ന ധ്യാന വിഷയങ്ങളും വായനകളുമാണ് ഏപ്രിൽ മാസത്തേക്ക് നൽകപ്പെട്ടിട്ടുള്ളത്. ഏപ്രിൽ ഏഴു പുതു ഞായറാഴ്ച്ച ആണല്ലോ. തോമസ് അപ്പോസ്തലൻ 'കർത്താവും ദൈവവുമേ' എന്ന് ഉയിർത്തെഴുന്നേറ്റ കർത്താവിനെ ഏറ്റു പറയുന്ന സന്ദർഭം ആണ് ധ്യാന വിഷയം. ഗോത്ര പിതാവായ യാക്കോബും, പീഡനം നടത്തിയിരുന്ന ശൗലും തങ്ങളുടെ മേൽ പ്രഭാവം ചെലുത്തിയ സത്യ ദൈവത്തിനു വിധേയപ്പെടുന്ന വായനകൾ വളരെ സജീവ ചിന്തകൾ ആണ് നമ്മിൽ ഉണർത്തുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മിൽ ഉണ്ടാക്കേണ്ട ധാർമികതയെക്കുറിച്ച് കൊലോസ്യ ലേഖന വായന ഓർമിപ്പിക്കുന്നു. പുതിയ ഉണർവോടെ വിശ്വാസ ജീവിതം നയിക്കാൻ പുതു ഞായർ ആചരണം നമ്മെ സഹായിക്കട്ടെ.

ഏപ്രിൽ 14 ഞായറാഴ്ച 'യഥാസ്ഥാനപ്പെടുത്തുന്ന യേശുക്രിസ്തു' എന്നതാണ് ധ്യാനവിഷയം. ശിഷ്യന്മാരിൽ ഏഴുപേർ മീൻ പിടിക്കാൻ പുറപ്പെട്ടു പോയിട്ട്, ഒന്നും പിടിക്കാതെ അദ്ധ്വാനം ഫല ശൂന്യമായി പോയിരുന്നു. ദൗത്യങ്ങളിൽ നിന്നും പിന്മാറിപ്പോകുന്നവരെ യഥാസ്ഥാനപ്പെടുത്തുവാൻ വീണ്ടും അവസരം ഒരുക്കുന്ന ദൈവത്തെയാണ് യേശുക്രിസ്തു വെളിപ്പെടുത്തിയത്. ക്ഷീണിച്ചും തളർന്നും ഇരിക്കുന്നവർക്കു സ്വർഗീയ ഭോജനം ഒരുക്കി കർത്താവ് ബലപ്പെടുത്തുകയും അവരെ യഥാസ്ഥാനപ്പെടുത്തി വലിയ ദൗത്യങ്ങൾ ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നു.

ഏപ്രിൽ 21 ഞായറാഴ്ച 'നിരാശിതരെ ഉത്സാഹഭരിതരാക്കുന്ന ഉയിർത്തെഴുന്നേറ്റ കർത്താവിനെ' നാം ധ്യാനിക്കുന്നു. എമ്മവുസ്സിലേക്ക് പോയ രണ്ടു ശിഷ്യർ നിരാശരും ആശയക്കുഴപ്പങ്ങളിൽപ്പെട്ടവരുമായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവ് അവരോടു ചേർന്നു നടന്നു സംവദിച്ചു. ഇന്നും കർത്താവ് നിരാശിതരോടു ചേർന്നു നടന്ന്, തന്റെ വചനത്താൽ സംവദിക്കുകയും കൂദാശകളിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യുന്നു. കർത്താവിനെ സ്വീകരിക്കാനുള്ള തുറവി എമ്മവുസ്സിലേക്ക് പോയ ശിഷ്യർക്കുണ്ടായതുപോലെ നമുക്കും ഉണ്ടായാൽ നാമും ബലപ്പെടുകയും യഥാസ്ഥാനപ്പെടുകയും ചെയ്യും. അതിനു ദൈവം സഹായിക്കട്ടെ.

ഏപ്രിൽ 28 ഞായറാഴ്ച 'വിവാഹം - വിളിയും നിയോഗവും' എന്ന വിഷയം സഭ ധ്യാനിക്കുന്നു. വിവാഹം എന്ന കൂദാശയിലൂടെ പവിത്രമായ കുടുംബ ജീവിതത്തിലേക്കു സഭാ മക്കൾ പ്രവേശിക്കുമ്പോൾ അതൊരു ദൈവിക നിയോഗമായി ഏറ്റെടുക്കേണ്ടതുണ്ട്. ക്രിസ്തു കേന്ദ്രീകൃതമായി, നിർവ്യാജ സ്നേഹത്താൽ, പരസ്പരം കരുതുന്ന ഇടമായി കുടുംബങ്ങൾ തീരണമെന്നത് സഭ ആഗ്രഹിക്കുന്നു. ഉറപ്പുള്ള കുടുംബമാണ് ഉറപ്പുള്ള സമൂഹത്തിന്റെ അടിത്തറ. ദൈവം രൂപീകരിക്കുന്ന കുടുംബങ്ങളെ വേർപിരിക്കുന്ന എല്ലാ തിന്മകളിൽ നിന്നും അകന്നിരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
25.03.2024

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**